"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി- അങ്കണവാടി ഹെൽപ്പറായിരുന്ന ശ്രീമതി. സരസ്വതി അമ്മയ്ക്ക് അധികമായി അനുവദിച്ച വേതനം - തിരിച്ചടവ് ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.102/2024/WCDD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. സ.ഉ (എം.എസ്) നം.33/2012/സാക്ഷേവ, തീയതി. 31/05/2012
2. സർക്കാർ കത്ത് നം. വശിവിവ-ബി2/14/2021-വശിവിവ, തീയതി. 18/11/2021
3. ശ്രീമതി. സരസ്വതി അമ്മ, ഇളംചേരി പുത്തൻവീട്, മേവർക്കൽ, ആലംകോട്-ന്റെ അപേക്ഷ, തീയതി. ഇല്ല
4. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ 26/06/2023, 13/10/2023 തീയതികളിലെ DWCD/1445/2023-ICDSB6 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

അങ്കണവാടി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. കിളിമാനൂർ അഡീഷണൽ ഐ സി ഡി എസ് പ്രൊജെക്റ്റിലെ 95-ാം നമ്പർ അങ്കണവാടിയിൽ ഹെൽപ്പറായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. സരസ്വതി അമ്മ, തന്റെ ജനനത്തീയതി തെളിയിക്കുന്ന രേഖയായി ആധാർ കാർഡ് മാത്രമാണ് ശിശുവികസന പദ്ധതി ഓഫീസർ മുമ്പാകെ ഹാജരാക്കിയിരുന്നത്. അതുപ്രകാരം ശ്രീമതി. സരസ്വതി അമ്മ പ്രസ്തുത ജോലിയിൽ തുടർന്നു വരവെ വിവരാവകാശ നിയമ പ്രകാരം ലഭ്യമായ സ്കൂൾ രേഖകൾ അനുസരിച്ച് പ്രസ്തുത വ്യക്തി 30/04/2016-ൽ ജോലിയിൽ നിന്നും വിരമിക്കേണ്ടിയിരുന്നു. ശ്രീമതി. സരസ്വതി അമ്മയുടെ ജനനത്തീയതിയിൽ ഉണ്ടായിരുന്ന പിശക് കണ്ടെത്തിയ ശേഷം 30/04/2019-ന് അദ്ദേഹത്തെ അങ്കണവാടി സേവനങ്ങളിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായി. അതേത്തുടർന്ന്, ശ്രീമതി. സരസ്വതി അമ്മയ്ക്ക് വേതനം ഇനത്തിൽ അധികമായി അനുവദിച്ച 47,968/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടയ്ക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ നിർദേശം നൽകുകയുണ്ടായി. ആയതനുസരിച്ച് സി ഡി പി ഒ യുടെ ബാധ്യത രഹിത സർട്ടിഫിക്കറ്റ് സഹിതം കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി. സരസ്വതി അമ്മയ്ക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണെന്ന് അദ്ദേഹത്തെ അറിയിക്കുകയുണ്ടായെന്ന് പരാമർശം (4) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. താനിപ്പോൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലികൾക്കും പോലും പോകുവാൻ കഴിയുന്നില്ലായെന്നും സ്ട്രോക്ക് വന്ന് ചികിത്സയിലുമാണെന്നും ആയതിനാൽ തനിയ്ക്ക് ലഭിക്കുവാനുള്ള ബാക്കി തുക അനുവദിച്ച് തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. സരസ്വതി അമ്മ വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുമ്പാകെ പരാമർശം (3) പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീമതി. സരസ്വതി അമ്മയുടെ സങ്കട ഹർജി ഒരു സ്പെഷ്യൽ കേസ് ആയി പരിഗണിച്ച്, തെറ്റിന് മാപ്പ് നൽകി, ബാധ്യത ഒഴിവാക്കി പ്രസ്തുത വ്യക്തിയ്ക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാമോ എന്നു വ്യക്തമാക്കി ഉത്തരവുണ്ടാകണമെന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പെൻഷൻ കാലയളവിന് ശേഷവും അങ്കണവാടി ജീവനക്കാർ അനധികൃതമായി സേവനത്തിൽ തുടർന്നു വരുന്നത് അർഹരായ ഉദ്യോഗാർഥികളുടെ അവസര നഷ്ടത്തിനിടയാക്കുന്നതിനാലും ശ്രീമതി. സരസ്വതി അമ്മയുടെ ബാദ്ധ്യത ഒഴിവാക്കി നൽകിയാൽ സമാനമായ ആവശ്യം ഉണ്ടാകാനിടയുള്ളതിനാലും, അതുവഴി സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനാലുമാണ് അദ്ദേഹം അനധികൃതമായി സേവനത്തിൽ തുടർന്നത് വഴി സർക്കാരിൽ നിന്നും അധികമായ കൈപ്പറ്റിയ തുക തിരിച്ചൊടുക്കുവാൻ സർക്കാർ നിർദേശം നൽകിയിരുന്നത്. എന്നിരുന്നാലും ശ്രീമതി. സരസ്വതി അമ്മയുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ, ആരോഗ്യ സ്ഥിതി എന്നിവ പരിഗണിച്ചും 40 വർഷത്തോളം ICDS പ്രൊജെക്റ്റിൽ ഹെൽപ്പർ തസ്തികയിൽ ജോലി ചെയ്ത 70 വയസോളം പ്രായമുള്ള സ്ത്രീ എന്ന നിലയിൽ മാനുഷിക പരിഗണന നൽകിയും, വേതന ഇനത്തിൽ ശ്രീമതി. സരസ്വതി അമ്മയ്ക്ക് അധികമായി അനുവദിച്ച 47,968/- രൂപ തിരിച്ചടയ്ക്കുന്നതിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കി പ്രസ്തുത തുക എഴുതിത്തള്ളിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ.M.S.

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(R)No. WW-WW2/73/2021-FIN (e-1717109) dated 23/02/2024 പ്രകാരം)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 14-03-2024 15:46:23

സെക്ഷൻ ഓഫീസർ